**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5052** **20-03-2025 - ൽ മറുപടിയ്ക്ക്**

**പുതിയ വില്ലേജുകളുടെ രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പുതിയ വില്ലേജുകൾ രൂപീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിലുള്ള വില്ലേജുകളുടെ വിസ്തീർണ്ണം, ജനസംഖ്യ, ഓരോ പ്രദേശത്തിൻറെയും പിന്നാക്കാവസ്ഥ, സംസ്ഥാനത്ത് നിലനിൽക്കുന്ന പഞ്ചായത്ത് ത്രീടയർ സിസ്റ്റം, വികസന സാധ്യത, ജനങ്ങളുടെ യാത്രാസൌകര്യം, ഭൂപ്രകൃതി അനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ ആവശ്യം, ഭരണപരമായ സൌകര്യങ്ങൾ എന്നീ മാനദണ്ഡങ്ങൾ പരിഗണിച്ചാണ് പുതിയ വില്ലേജുകൾ രൂപവത്ക്കരിക്കുകയോ വിഭജിക്കുകയോ ചെയ്യുന്നത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര വില്ലേജുകൾ രൂപീകരിച്ചിട്ടുണ്ട്; ഇനിയും പുതിയ വില്ലേജുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി വില്ലേജുകൾ രൂപീകരിച്ചിട്ടില്ല. പുതിയ വില്ലേജുകളുടെ രൂപീകരണം നിലവിൽ സർക്കാരിൻറെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന അവസരത്തിൽ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ